(സി) ഇതിനുവേണ്ടിയുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ്-കേരളം (ടെക്നോപാർക്ക്) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. കൂടാതെ സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയുടെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ടെക്നോളജി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയുടെ കീഴിൽ കൊല്ലം, കോട്ടയം, തിരുവല്ല എന്നിവിടങ്ങളിലും, കൊച്ചിയിൽ കിൻഫ്ര പാർക്കിനകത്തും ടെക്നോളജി പാർക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക് പാർക്ക്, കാക്കനാട്, എറണാകുളം, കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം എന്നിവ സ്ഥാപിച്ചുവരുന്നു. എറണാകുളത്ത് കളമശ്ശേരിയിൽ 200 ഏക്കർ ഭൂമിയിൽ ഒരു ഹൈടെക്പാർക്ക് സ്ഥാപിക്കുവാനും കിൻഫ്രയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയുടെ സെന്ററുകൾ രണ്ടുമാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകുമെന്നു പ്രതീക്ഷിക്കുന്നു. കിൻഫ്രാ ഹൈടെക് പാർക്കിനുവേണ്ടി രാജ്യാന്തരടെൻഡർ വിളിച്ച് സ്വകാര്യപങ്കാളിയെ തെരഞ്ഞെടുക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. എറണാകുളത്തും, മലപ്പുറത്തും സ്ഥാപിച്ചുവരുന്ന കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

6 (530) ഓഡിറ്റ് കുടിശ്ശികയുള്ള കമ്പനികൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസിന്റെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം കമ്പനികളുടെ ഓഡിറ്റാണ് ദീർഘകാലമായി മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓഡിറ്റ് യഥാസമയം നടക്കാതിരിക്കുന്നതിന് പ്രത്യേക കാരണങ്ങൾ ഉണ്ടോ;

(സി) ഈ കുടിശ്ശിക ആഡിറ്റ് പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസിന്റെ 1998-99 ലെ "എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസ് ഇൻ കേരള" പ്രകാരം സംസ്ഥാനത്തെ 44

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളുടെ ഓഡിറ്റ് ദീർഘകാലമായി (രണ്ടു കൊല്ലത്തിൽ കൂടുതൽ) മുടങ്ങിക്കിടക്കുന്നുണ്ട്. അവയുടെ പേരു വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) മുൻകാലങ്ങളിലെ ആഡിറ്റ് പൂർണ്ണമായും പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്നതുമാണ് ആഡിറ്റ് യഥാസമയം നടക്കാതിരിക്കുന്നതിന്റെ പ്രധാനകാരണം.

(സി) എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും അവയുടെ കണക്ക് ഓരോ സാമ്പത്തികവർഷം പൂർത്തിയായ ഒരു മാസത്തിനുള്ളിൽതന്നെ എഴുതി തയ്യാറാക്കി വയ്ക്കേണ്ടതാണെന്നും, കൂടിശ്ശികയുണ്ടെങ്കിൽ അത് യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. താൽക്കാലിക കണക്കുകൾ എഴുതി തീർത്ത് ഇന്റേണൽ ആഡിറ്റ് നടത്തുവാൻ കമ്പനികൾക്ക് ആവശ്യമാണെങ്കിൽ ഒരു പ്രാക്ടീസിംഗ് ചാർട്ടേർഡ് അക്കൗണ്ടിനെ നിയമിക്കുവാനുള്ള അനുവാദവും നൽകിയിട്ടുണ്ട്. എ.ജി.യുടെ തലത്തിലുള്ള സപ്ലിമെന്ററി ആഡിറ്റിന്റെ കാലദൈർഘ്യം കുറയ്ക്കുവാൻ എ.ജി.യുമായി ആലോചിച്ചശേഷം വേണ്ട നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. നേരത്തെ കമ്പനി ലാ ബോർഡ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ ഒരു കൊല്ലത്തേയ്ക്കാണ് നിയമിച്ചിരുന്നത്. എന്നാൽ കൂടിശ്ശികയുള്ള വർഷങ്ങൾക്കെല്ലാംകൂടി ഒരുമിച്ച് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ നിയമിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടതിന്റെ ഫലമായി ഏറെകൂടിശ്ശികയുള്ള കമ്പനികളിൽ 3 വർഷത്തേയ്ക്ക് ഒരുമിച്ച് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ നിയമിക്കുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും ആഡിറ്റ് കൂടിശ്ശിക വന്നിട്ടുള്ള സ്ഥാപനങ്ങളുടെ മുഖ്യമേധാവികളുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിത പരിപാടി തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല, ഈ പ്രശ്നത്തിന്റെ ഗൗരവം പരിഗണിച്ച് ഇതിൽ അന്തർലീനമായ വിവിധ വശങ്ങളെക്കുറിച്ച് റിപ്പോർട്ടു നൽകുവാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനീസ് ആക്ട്പ്രകാരം ആഡിറ്റ് സമയബന്ധിതമായി ചെയ്തു തീർക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കമ്പനി ലാ ബോർഡാണ് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നത്. അപ്രകാരം നടപടി ഉണ്ടായാൽ സംസ്ഥാന സർക്കാർ ഇടപെടുകയില്ല എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻതന്നെ അത് അഭിമുഖീകരിക്കേണ്ടിവരുമെന്നുമുള്ള താക്കീത് എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്.

7 (531) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയും വിപുലീകരണവും

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിന് സർക്കാർ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എന്തെങ്കിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly